**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **13-09-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.എസി. വഴി നിയമനം ലഭിച്ചവരുടെ യോഗ്യത പരിശോധിക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022 -ൽ പി.എസ്.സി. മുഖാന്തരം സർക്കാർ, പൊതുമേഖല സർവീസുകളിൽ നിയമനത്തിന് അഡ്വൈസ് ചെയ്യപ്പെട്ട ആകെ ഉദ്യോഗാർഥികളുടെ എണ്ണം, ഉദ്യോഗത്തിൽ പ്രവേശിച്ചവരുടെ എണ്ണം, ഉദ്യോഗത്തിൽ പ്രവേശിച്ചതിനു ശേഷം മറ്റൊരു ഉദ്യോഗത്തിൽ ചേരുന്നതിനായി വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 2022 വർഷത്തിൽ **22,393** (ഇരുപത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി എസ് സി നിയമന ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണവും വിടുതൽ ചെയ്തവരുടെ എണ്ണവും തരംതിരിച്ചു സൂക്ഷിച്ചിട്ടില്ല. |
| (ബി) | 2022 ൽ പി.എസ്.സി. യിൽ രജിസ്റ്റർ ചെയ്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര; കൂടാതെ ജനറൽ, ഇ.ഡബ്ല്യൂ.എസ്., എസ്.സി., ഒ.ബി.സി. തുടങ്ങിയ എല്ലാ വിഭാഗവും തിരിച്ചുള്ള കണക്ക് എത്ര വീതമെന്നും വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പി.എസ്.സി. വഴി സർക്കാർ, പൊതുമേഖല, ഇതര സർവീസുകളിൽ നിയമിതാരായിട്ടുള്ളവരുടെ യോഗ്യത രേഖകളും സർട്ടിഫിക്കറ്റുകളും യഥാർത്ഥമാണോ എന്ന് തിരിച്ചറിയുന്നതിനും കോഴ്സുകൾ നടത്തുന്ന ബോർഡുകൾ, സർവകലാശാലകൾ, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിലേയ്ക്ക് നേരിട്ടയച്ചു പരിശോധിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്തുന്നതിന് പി.എസ്.സി. യ്ക്ക് നിർദേശം നൽകുമോയെന്നും വ്യക്തമാക്കാമോ? | (സി) | നിയമന നടപടിയുടെ ഭാഗമായി PSC യോഗ്യതാ രേഖകൾ പരിശോധിക്കുന്നുണ്ട്. നിയമനം ലഭിച്ചു കഴിഞ്ഞാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസൽ നിയമനാധികാരി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| General | 34836 |
| EZHAVA/THIYYA/BILLAVA | 55363 |
| SCHEDULED CASTE | 26224 |
| SCHEDULED TRIBE | 6615 |
| MUSLIM | 65473 |
| LATIN CATHOLIC / ANGLO INDIAN | 8076 |
| OTHER BACKWARD COMMUNITY | 14644 |
| VISWAKARMA | 11365 |
| SIUC NADAR | 1814 |
| SCCC SCHEDULED CASTE CONVERTS TO CHRISTIANITY | 2907 |
| DHEEVARA | 2867 |
| HINDU NADAR | 1560 |
| ECONOMICALLY WEAKER SECTION | 17588 |
| | |
| **Total Registered Candidates in the year 2022** | **2,49,332** |